വാടിരവി അനുസ്മരണം മോറാഴയിൽ എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.

ഗതാഗതക്കുരുക്ക് പരിഹരിച്ചില്ലെങ്കിൽ മാർക്കറ്റ് റോഡിൽ ബസ് ഓടില്ല

തളിപ്പറമ്പ: മാർക്കറ്റ് റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടിയില്ലെങ്കിൽ നവംബർ ഒന്ന് മുതൽ മാർക്കറ്റ് റോഡിലൂടെയുള്ള ബസ് ഗതാഗതം നിർത്തിവെക്കാൻ ബസുടമകളുടെയും തൊഴിലാളികളുടെയും സംയുക്തയോഗം തീരുമാനിച്ചു. 15നകം നടപടി ഉറപ്പാക്കിയില്ലെങ്കിലാണ് റോഡ് ബഹിഷ്കരിക്കുക. കഴിഞ്ഞ രണ്ട് വർഷത്തോളമായി താലൂക് വികസന സമിതി യോഗത്തിലും ട്രാഫിക് റഗുലേറ്ററി കമ്മിറ്റിയിലും ഉൾപ്പെടെ പരാതി നൽകിയെങ്കിലും നടപടിയുണ്ടായില്ല. കഴിഞ്ഞ മാസം 15ന് ഉച്ചവരെ ഇതുവഴിയുള്ള ബസോട്ടം നിർത്തിവെച്ച് നഗരസഭാ ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തിയിരുന്നു. എന്നിട്ടും ഫലമുണ്ടാകാത്തതിനെ തുടർന്നാണ് റോഡ് ബഹിഷ്കരിക്കാൻ തീരുമാനിച്ചത്.

കെ.വിജയൻ അധ്യക്ഷത വഹിച്ചു. കെ.ജയരാജൻ, സി.വി.വത്സൻ, കെ.വി.രാകേഷ്, കെ.വി.ജയൻ, കെ.വി.രാജൻ, പി.വി.പത്മനാഭൻ, ടി.വി.അജയകുമാർ, വി.പി.ജിതീഷ്, കെ.മുഹമ്മദ്, എൻ.സത്യൻ പ്രസംഗിച്ചു.

സ്മാർട്ട് ക്ലാസ് റൂം ഉദ്ഘാടനം നാളെ

ആലക്കോട്: അരങ്ങം രാമവർമ്മരാജ വിദ്യാനികേതനിൽ സ്മാർട്ട് ക്ലാസ്റൂം നാളെ ഉച്ചക്ക് രണ്ടിന് കെ.സി.ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. അജിത്രാമവർമ്മ അധ്യക്ഷത വഹിക്കും.

ജില്ലാ ഫുട്ബോൾ ടീം സെലക്ഷൻ

കണ്ണൂർ: ഇന്റർ ഡിസ്ട്രിക്ട് യൂത്ത് അണ്ടർ 21 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട കണ്ണൂർ ജില്ലാ ഫുട്ബോൾ ടീമിനെ തിരഞ്ഞെടുക്കുന്ന സെലക്ഷൻ ട്രയൽസ് നാളെ രാവിലെ കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ടിൽ നടക്കും. സെലക്ഷൻ ട്രയൽസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന 01-01-1998നും 31-12-2000നും ഇടയിൽ ജനിച്ച കണ്ണൂർ ജില്ലാ ഫുട്ബോൾ അസോസിയേഷനിൽ മെമ്പറായിട്ടുള്ള ക്ലബുകളിൽ രജിസ്റ്റർ ചെയ്ത കളിക്കാർ കിറ്റും വയസ് തെളിയിക്കുന്ന ഒറിജിനൽ ജനന സർട്ടിഫിക്കറ്റ് സഹിതം അന്നേ ദിവസം രാവിലെ 8മണിക്ക് പോലീസ് പരേഡ് ഗ്രൗണ്ടിൽ എത്തിച്ചേരണം.

കാക്കിപ്പട കൈകോർത്തു; പഴയങ്ങാടി പോലീസ് സ്റ്റേഷന് പുതിയമുഖം

പഴയങ്ങാടി: കാക്കിപ്പട ഒന്നടങ്കം മെനക്കെട്ടിറങ്ങിയപ്പോൾ പഴയങ്ങാടി പോലീസ് സ്റ്റേഷന് പുതിയ മുഖം. കാലപ്പഴക്കത്താൽ ദ്രവിച്ച് നിലംപതിക്കാറായ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ മേൽക്കൂരയടക്കം അറ്റകുറ്റപ്പണിയിലൂടെ പോലീസുകാർ തന്നെ പുതുക്കി. 1959 ൽ നിർമ്മിച്ച സ്റ്റേഷൻ കെട്ടിടത്തിന്റെ മേൽക്കൂരയും ചുവരും ഉൾപ്പെടെ ദ്രവിച്ച് ചോർന്നൊലിക്കുന്ന നിലയിലായിരുന്നു. ഏത് സമയത്തും നിലംപൊത്താവുന്ന അവസ്ഥയിലുള്ള കെട്ടിടത്തിന്റെ മേൽക്കൂരയിലെ ഓടുനീക്കി പട്ടികകൾ മാറ്റി പുതിയവ സ്ഥാപിക്കുകയായിരുന്നു. പുതിയ മരങ്ങളും ഓടും സംഘടിപ്പിച്ച് മുഖം മിനുക്കലിന് നേതൃത്വം കൊടുത്തത് തളിപ്പറമ്പ സി.ഐ പി. കെ. സുധാകരന്റെയും പ്രിൻസിപ്പൽ എസ്.ഐ പി.ബി. സജീവിന്റെയും മേൽനോട്ടത്തിലായിരുന്നു. വനിതാ പോലീസുകാരടക്കം നാൽപതോളം പോലീസുകാർ കയ്യും മെയ്യും മറന്ന് അധ്വാനിച്ചു. പോലീസ് അസോസിയേഷൻ ജില്ലാ കമ്മിറ്റി അംഗം സത്യൻ ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിൽ പോലീസുകാർ തന്നെയാണ് സാമ്പത്തിക വിഹിതത്തിലൂടെ പണം സ്വരൂപിച്ചത്. പഴയങ്ങാടി പോലീസ് സ്റ്റേഷനെ മാതൃകാ സ്റ്റേഷനാക്കുന്നതിന്റെ മുന്നോടിയായാണ് കെട്ടിട നവീകരണം. ചോർന്നൊലിക്കാറുള്ള പഴയ കെട്ടിടത്തിലാണ് പോലീസുകാർ കേസ് ഡയറികൾ തയ്യാറാക്കാൻ ഉൾപ്പെടെ ഇടം കണ്ടെത്തിവരുന്നത്. ഗാന്ധി ജയന്തിവാരാഘോഷത്തിന്റെ ഭാഗമായി കഴിഞ്ഞയാഴ്ച ഒരേക്കറോളം വരുന്ന സ്റ്റേഷൻ വളപ്പ് ശുചിയാക്കിയിരുന്നു. തളിപ്പറമ്പ പോലീസ് സ്റ്റേഷനും പരിസരവും നവീകരിച്ചതിന് പിന്നാലെയാണ് പഴയങ്ങാടിയിലും മുഖം മിനുക്കലിന് സി.ഐ പി.കെ. സുധാകരന്റെ നേതൃത്വത്തിൽ പോലീസുകാരുടെ ഒരുക്കം തുടങ്ങിയത്. ആശാരിമാരും നിർമ്മാണ തൊഴിലാളികളുമെല്ലാം ഇവിടുത്തെ പോലീസുകാർ തന്നെയായിരുന്നു. കേസിൽ പെട്ട് തുരുമ്പിച്ച് കിടന്ന വാഹനങ്ങളെല്ലാം ചൊറുക്കളയിലേക്ക് മാറ്റുകയും ചെയ്തതോടെ ഇഴജന്തുക്കളുടെ ശല്യം ഒഴിവായി. തണൽ മരങ്ങൾ വെച്ചുപിടിപ്പിച്ച് ഉദ്യാന സഹിതം സ്റ്റേഷൻ വളപ്പ് മോഡിപിടിപ്പിക്കുകയാണ് ഇവരുടെ അടുത്ത ലക്ഷ്യം.

പഴയങ്ങാടി പോലീസ് സ്റ്റേഷൻ കെട്ടിടം എസ്.ഐ പി.ബി. സജീവന്റെ നേതൃത്വത്തിൽ പുതുക്കി പണിയുന്നു

യു.ഡി.എഫ് സംസ്ഥാന ജാഥ നവമ്പർ 2 മുതൽ 4 വരെ ജില്ലയിൽ

കണ്ണൂർ: കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജനവഞ്ചനയ്ക്കെതിരെ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നയിക്കുന്ന 'പടയൊരുക്കം' ജില്ലയിൽ മൂന്നു ദിവസങ്ങളിലായി പര്യടനം നടത്തുമെന്ന് യു.ഡി.എഫ് ചെയർമാൻ പ്രൊഫ എ.ഡി.മുസ്തഫ അറിയിച്ചു. നവംബർ രണ്ട് മുതൽ നാലു വരെയാണ് ജില്ലയിലെ പര്യടനം. രണ്ടിന് വൈകുന്നേരം അഞ്ച് മണിക്ക് പയ്യന്നൂർ, 6 മണിക്ക് തളിപ്പറമ്പ് എന്നിവിടങ്ങളിൽ സ്വീകരണം നൽകും. മൂന്നിന് രാവിലെ 10 മണിക്ക് കല്യാശേരി മണ്ഡലത്തിലെ പഴയങ്ങാടിയിലും ഉച്ചകഴിഞ്ഞ് 3 മണിക്ക് ധർമ്മടം മണ്ഡലത്തിലെ ചക്കരക്കല്ലിലും 4 മണിക്ക് തലശേരിയിലും 5 മണിക്ക് കണ്ണൂർ, അഴീക്കോട് മണ്ഡലങ്ങളുടെ സംയുക്ത സ്വീകരണം കണ്ണൂരിലും നടക്കും. നാലിന് രാവിലെ 11 മണിക്ക് ഇരിക്കൂർ മണ്ഡലത്തിലെ സ്വീകരണ സമ്മേളനം ശ്രീകണ്ഠപുരത്തും ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് പേരാവൂർ മണ്ഡലത്തിലെ സ്വീകരണം ഇരിട്ടിയിലും നടക്കും. വൈകുന്നേരം 4 മണിക്ക് മട്ടന്നൂരിലും 5 മണിക്ക് കൂത്തുപറമ്പിലും നൽകുന്ന സ്വീകരണത്തിന് ശേഷം യാത്ര വയനാട് ജില്ലയിലേക്ക് പ്രവേശിക്കും.

നണിശേരി പാലം വഴി ബസ്റൂട്ട് അനുവദിക്കണം

കണ്ണൂർ: നണിശേരി പാലം വഴി ബസ്റൂട്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് മയ്യിൽ മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ആർ.ടി ഓഫീസിലേക്ക് മാർച്ചും ധർണ്ണയും നടത്തി. ആന്തൂർ മുനിസിപ്പാലിറ്റിയെയും മയ്യിൽ പഞ്ചായത്തിനെയും ബന്ധിപ്പിച്ച് വളപട്ടണം പുഴക്ക് കുറുകെയാണ് പാലം നിർമ്മിച്ചത്. ഉദ്ഘാടനം കഴിഞ്ഞ് ആറുമാസമായിട്ടും പാലം വഴി ബസ് റൂട്ട് അനുവദിക്കാൻ അധികൃതർ തയ്യാറായിട്ടില്ല.

ഇതിൽ പ്രതിഷേധിച്ചാണ് സമരം നടത്തിയത്. ഡി.സി.സി വൈസ് പ്രസിഡണ്ട് ചന്ദ്രൻ തില്ലങ്കേരി ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡണ്ട് കെ.പി.ശശിധരൻ അധ്യക്ഷനായി. വി.പത്മനാഭൻ മാസ്റ്റർ, കെ.വി.ഗണേശൻ, കെ.പി.ചന്ദ്രൻ, പി.പി.സിദ്ധീഖ്, ശ്രീജേഷ് കൊയിലേരിയൻ, കെ.സി.രമണി ടീച്ചർ സംസാരിച്ചു. ഷാഫി കോറളായി, പി.വി.സന്തോഷ്, ടി.നാസർ, അനസ് നമ്പ്രം, കെ.പി.സക്കറിയ. കെ.എം.ലളിത, ജിനീഷ് ചപ്പാടി നേതൃത്വം നൽകി.

മയ്യിൽ മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ ആർ.ടി. ഓഫീസിലേക്ക് നടത്തിയ മാർച്ച് ചന്ദ്രൻ തില്ലങ്കേരി ഉദ്ഘാടനം ചെയ്യുന്നു.

യുക്തിവാദി സംഘം ജില്ലാ സമ്മേളനം 14 മുതൽ

തളിപ്പറമ്പ: കേരള യുക്തിവദി സംഘത്തിന്റെ കണ്ണൂർ ജില്ലാ സമ്മേളനം 14, 15 തീയതികളിൽ തളിപ്പറമ്പിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 14ന് വൈകുന്നേരം 4ന് ടൗൺ സ്ക്വയറിൽ 'മതവും രാഷ്ട്രീയവും' എന്ന വിഷയത്തിൽ സെമിനാർ നടക്കും. യുക്തിവാദി സംസ്ഥാന ജന. സെക്രട്ടറി ഇരിങ്ങൽ കൃഷ്ണൻ സെമിനാർ ഉദ്ഘാടനം ചെയ്യും. സംസ്ഥാന വൈസ് പ്രസിഡണ്ട് ഗംഗൻ അഴീക്കോട് അധ്യക്ഷനാകും. അഡ്വ.കെ.കെ.രാധാകൃഷ്ണൻ വിഷയാവതരണം നടത്തും. വിവിധ രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് കോമത്ത് മുരളീധരൻ (സി.പി.എം), പി.ജനാർദ്ദനൻ (കോൺഗ്രസ്), അഡ്വ.എ.വി.കേശവൻ (ബി.ജെ.പി), എ.ആർ.സി. നായർ (സി.പി.ഐ), എം.ഹുസൈൻ മാസ്റ്റർ (മുസ്ലിംലീഗ്), യുക്തിവാദി സംസ്ഥാന സമിതി അംഗം കെ.കെ.അബ്ദുൽ അലി, വാഗ്മി ജാമിത ടീച്ചർ, പി.വി.മധുസൂദനൻ പങ്കെടുക്കും. 15ന് രാവിലെ പത്തിന് മൂത്തേടത്ത് ഹയർസെക്കണ്ടറി സ്കൂളിൽ യുക്തിചിന്തകൻ യു.കലാനാഥൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യും. കലാനാഥൻ മാസ്റ്ററെ ചടങ്ങിൽ ആദരിക്കും. കെ.സി.ഉമേഷ്ബാബു, ടി.കെ.ദേവരാജൻ സംസാരിക്കും. സംഘാടക സമിതി ചെയർമാൻ എ.സി.മാത്യു സ്വാഗതവും കെ.കെ.കൃഷ്ണൻ നന്ദിയും പറയും. തുടർന്ന് ഡോ. സി.വിശ്വനാഥന്റെ 'യോഗ സത്യമോ മിഥ്യയോ' എന്ന വിഷയത്തിൽ ക്ലാസ് നടക്കും.

വാർത്താസമ്മേളനത്തിൽ ഗംഗൻ അഴീക്കോട്, എ.സി.മാത്യു, എ.കെ.നരേന്ദ്രൻ, മധു ബാവുപറമ്പ്, കെ.കെ.കൃഷ്ണൻ പങ്കെടുത്തു.

റവന്യു ജീവനക്കാരുടെ സമ്മേളനം നാളെ

തളിപ്പറമ്പ: കേരള റവന്യൂ ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് അസോസിയേഷൻ താലൂക്ക് സമ്മേളനം 13ന് വെള്ളിയാഴ്ച തൃച്ചംബരത്ത് നടക്കും. ജോയിന്റ് കൗൺസിൽ ജില്ലാ പ്രസിഡണ്ട് ടി.വി. നാരായണൻ ഉദ്ഘാടനം ചെയ്യും. ആന്തൂർ നഗരസഭ കൗൺസിലർ പി.കെ. മുജീബ് റഹ്മാൻ, എ.ആർ.സി നായർ, ബി.ജി. ധനഞ്ജയൻ, കെ.കെ. ചന്ദ്രൻ, കെ.യു. അജയ്കുമാർ, എം.എം. മോഹനൻ പ്രസംഗിക്കും. കെ. അബ്ദുറഹിമാൻ അധ്യക്ഷനാകും. അനിൽവർഗീസ് സ്വാഗതവും ജനാർദനൻ നന്ദിയും പറയും.

ഏരുവേശി മുയിപ്രയിൽ എം.സി.ആർ അനുസ്മരണം ടി.വി.രാജേഷ് എം.എൽ.എ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

ബി.ജെ.പി നടത്തുന്നത് കൊലവിളി യാത്ര: ടി.വി.രാജേഷ് എം.എൽ.എ

ശ്രീകണ്ഠപുരം: ക്രമസമാധാനം തകർക്കുന്ന കൊലവിളി യാത്രയാണ് ബി.ജെ.പി നടത്തുന്നതെന്ന് ടി.വി.രാജേഷ് എം.എൽ.എ. കമ്മ്യൂണിസ്റ്റ് കർഷക പ്രസ്ഥാനത്തിന്റെ സമുന്നത നേതാവായിരുന്ന എം.സി.ആറിന്റെ 47-ാം ചരമവാർഷികവും സി.പി.എം ഏരുവേശി ലോക്കൽ സമ്മേളനത്തിന്റെ സമാപന സമ്മേളനവും മുയിപ്രയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വർഗീയതയും അക്രമവും ആളിക്കത്തിച്ചാണ് യാത്ര കടന്നുപോയത്. മുൻകൂട്ടി തയ്യാറാക്കിയ പദ്ധതി പ്രകാരം ആയുധങ്ങളുമായാണ് ബി.ജെ.പി സംഘം യാത്ര നടത്തിയത്. എന്നാൽ പലയിടത്തും അവരുടെ പദ്ധതി വേണ്ടത്ര വിജയിച്ചില്ല. ജാഥയിൽ ഇറക്കുമതിക്കാരാണ് ഏറെയും ഉണ്ടായത്. കേന്ദ്രസർക്കാരിന്റെ ജനദ്രോഹ നയം മറച്ചുവെക്കാൻ ജനരക്ഷായാത്ര നടത്തുന്നവർ ജനശിക്ഷയാണ് കാട്ടുന്നത്. ദലിതനെ ശാന്തിക്കാരനാക്കി ചരിത്രം തിരുത്തിയ ഇടതുസർക്കാരിനെ മോദി സർക്കാർ കണ്ടുപഠിക്കണം. ഹിന്ദുവിനെയും ദലിതനെയും സംരക്ഷിക്കാനിറങ്ങിയ ബി.ജെ.പി-ആർ.എസ്.എസ് സംഘം എവിടെയാണ് അവരെ സംരക്ഷിക്കുന്നത്. നിരന്തരമായി ദലിതരെ പോലും അക്രമിക്കുന്ന നിലപാടാണ് ബി.ജെ.പിയുടെതെന്നും തിരുവനന്തപുരത്ത് ദലിത് വിദ്യാർത്ഥിയെ ആർ.എസ്.എസുകാർ ക്രൂരമായി അക്രമിച്ചത് ഇതിന് തെളിവാണെന്നും അദേഹം പറഞ്ഞു. ലോക്കൽ സെക്രട്ടറി കെ.പി.ദിലീപൻ അധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റിയംഗം പി.പുരുഷോത്തമൻ, ഏരിയാ സെക്രട്ടറി പി.വി.ഗോപിനാഥ്, എം.വേലായുധൻ, എം.സി.ഹരിദാസൻ, കെ.പി.കുമാരി സംസാരിച്ചു. എം.നാരായണൻ സ്വാഗതം പറഞ്ഞു.

ഓലേടത്ത് കുഞ്ഞുഞ്ഞ് രക്തസാക്ഷി ദിനാചരണം നാളെ

ആലക്കോട്: സി.പി.എം അക്രമത്തിൽ കൊല്ലപ്പെട്ട പെരിങ്ങാലയിലെ കോൺഗ്രസ് പ്രവർത്തകൻ ഓലേടത്ത് കുഞ്ഞുഞ്ഞിന്റെ 20-ാമത് രക്തസാക്ഷി ദിനാചരണം നാളെ നടക്കും. അനുസ്മരണ സമ്മേളനം നാളെ രാവിലെ 11 മണിക്ക് കൂടപ്രം കമ്മ്യൂണിറ്റി ഹാളിൽ കെ.സി. ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. പൊയിലിൽ കുഞ്ഞിരാമൻ അധ്യക്ഷത വഹിക്കും. കോൺഗ്രസ് തേർത്തല്ലി മണ്ഡലം ആറാംബൂത്ത് കമ്മിറ്റി സംഘടിപ്പിക്കുന്ന കുടുംബസംഗമവും ഇതോടനുബന്ധിച്ച് നടക്കും.

കവി സൗഹൃദ സംഗമം 15ന്

കണ്ണൂർ: ജില്ലാ കവി മണ്ഡലത്തിന്റെ ജില്ലാതല സൗഹൃദ സംഗമം 15ന് ഉച്ചക്ക് 2.30ന് നാഷണൽ കോളേജ് ഹാളിൽ ഡോ. ആർ.സി കരിപ്പത്ത് ഉദ്ഘാടനം ചെയ്യും. സംഗമത്തിൽ പ്രൊഫ. മേലത്ത് ചന്ദ്രശേഖരൻ സ്മൃതി, സർഗ്ഗ സംവാദം, കവിയരങ്ങ്, ആദരവേള എന്നിവ ഉണ്ടാകും. ഫോൺ: 9447005255.

റോഡ് നവീകരണത്തിന് ദീർഘകാല പദ്ധതി വേണം: ടൂറിസം ക്ലബ്

കണ്ണൂർ: സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിന് എല്ലാ ഏജൻസികളെയും ഏകോപിപ്പിച്ച് തീവ്രവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പദ്ധതി വേണമെന്ന് ജില്ലാ ടൂറിസം ക്ലബ് ഭരണസമിതിയോഗം ആവശ്യപ്പെട്ടു. കണ്ണൂർ കോട്ടയിൽ പ്രാഥമിക സുരക്ഷാ സംവിധാനങ്ങൾ പോലുമില്ലാത്തതിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. പ്രസിഡണ്ട് എ.പ്രമേൻ മുഴപ്പിലങ്ങാട് അധ്യക്ഷം വഹിച്ചു. സെക്രട്ടറി എം.പി.കൃഷ്ണദാസ്, പി.കെ.പ്രേമരാജൻ, പി.സത്യവതി, എം.ലതിക, പി.വി.നളിനി, എം.ഗിരിജ, കെ.കെ.തങ്കറാണി, എ.കെ.ശൈലജ സംസാരിച്ചു.

സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു

തളിപ്പറമ്പ: പുളിമ്പറമ്പ് നൂർ ജുമാമസ്ജിദ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 7, 8 തീയതികളിൽ സയ്യിദ് നഗറിൽ നടക്കുന്ന ദ്വിദിന മതപ്രഭാഷണത്തിന്റെ സ്വാഗതസംഘം ഓഫീസ് പുളിമ്പറമ്പ് നൂർ ഹയർസെക്കണ്ടറി മദ്രസയിൽ പ്രവർത്തനമാരംഭിച്ചു. മുഖ്യരക്ഷാധികാരി മുസ്തഫ പൂക്കോയ അസ്അദി ഉദ്ഘടനം ചെയ്തു. പി.മുഹ്യുദ്ദീൻകുട്ടി ഹാജി അധ്യക്ഷനായി. എം.എം.സുബൈർ, പി.പി.മുഹമ്മദലി, സി.റിജ്നാസ്, സിദ്ദീഖ് കൊടിയിൽ, എ.അനസ് അസ്അദി, പി.വി.ശക്കീർ, കെ.വി.സ്വാലിഹ് ദാരിമി, സയ്യിദ് ഹാശിം കോയ തങ്ങൾ, പി.കെ.റിയാസ്, സി.ലത്തീഫ് സംബന്ധിച്ചു.

തളിപ്പറമ്പിൽ മുനിസിപ്പൽ മുസ്ലിംയൂത്ത്ലീഗ് കമ്മിറ്റി സംഘടിപ്പിച്ച വർത്തമാനം ലീഡേഴ്സ് സമ്മിറ്റ് അഖിലേന്ത്യാ ജന. സെക്രട്ടറി സി.കെ.സുബൈർ ഉദ്ഘാടനം ചെയ്യുന്നു

ഹജ്ജ്; കരട് നയം ഫലപ്രദമാവണമെന്ന്

കണ്ണൂർ: ഹജ്ജ് നയ രൂപീകരണം നടത്തുമ്പോൾ തീർത്ഥാടകർക്ക് സൗകര്യപ്രദവും ഫലപ്രദവുമാകണമെന്ന് സുന്നി മഹല്ല് ഫെഡറേഷൻ ജില്ലാ പ്രസിഡണ്ട് കെ.കെ.മുഹമ്മദ്, ജനറൽ സെക്രട്ടറി പി.ടി. മുഹമ്മദ് മാസ്റ്റർ എന്നിവർ ആവശ്യപ്പെട്ടു. സാമ്പത്തിക ലാഭം മാത്രം കണക്കിലെടുത്ത് എംബറാക്കേഷൻ പോയന്റ് വെട്ടിച്ചുരുക്കുമ്പോൾ തീർത്ഥാടകരുടെ അസൗകര്യം പരിഗണിക്കുന്നില്ല. മക്കാ താമസത്തിന് അസീസിയ്യ കാറ്റഗറി പ്രായമേറിയവർക്ക് അഞ്ച് നേരവും മസ്ജിദുൽ ഹറാമിൽ എത്താനാവുന്നില്ല എന്ന വസ്തുത കണക്കിലെടുക്കേണ്ടതുണ്ടെന്ന് ഇവർ ആവശ്യപ്പെട്ടു.

ആർ.എസ്.എസിന്റെയും പോപ്പുലർ ഫ്രണ്ടിന്റെയും ഫാസിസം സമൂഹത്തിനാപത്ത്: സി.കെ.സുബൈർ

തളിപ്പറമ്പ: ആർ.എസ്.എസിന്റെയും പോപ്പുലർ ഫ്രണ്ടിന്റെയും വർഗീയ ഫാസിസം ഒരുപോലെ നാടിനാപത്താണെന്ന് മുസ്ലിംയൂത്ത്ലീഗ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി സി.കെ.സുബൈർ. മുസ്ലിം യൂത്ത്ലീഗ് തളിപ്പറമ്പ് മുനിസിപ്പൽ കമ്മിറ്റി കപ്പാലം വ്യാപാരഭവനിൽ സംഘടിപ്പിച്ച വർത്തമാനം ലീഡേഴ്സ് സമ്മിറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. ആർ.എസ്.എസിന്റെ ഫാസിസ്റ്റ് അജണ്ടയെ എങ്ങനെ നേരിടാം എന്നാണ് രാജ്യം ഇപ്പോൾ പരിശോധിക്കുന്നത്. എന്നാൽ അതിന്റെ പേര് പറഞ്ഞ് മുതലെടുപ്പ് നടത്തി ഫാസിസം വളർത്താനാണ് പോപ്പുലർ ഫ്രണ്ട് ഉൾപ്പെടെയുള്ള തീവ്രവാദ സംഘടനകൾ ശ്രമിക്കുന്നത്. ഫാസിസത്തെ എതിർക്കുന്നതിന് പകരം അവർക്ക് തണലേകുന്ന നിലപാടാണ് സംസ്ഥാനം ഭരിക്കുന്ന സി.പി.എം സർക്കാർ സ്വീകരിക്കുന്നത്. കൊല്ലപ്പെട്ട ആർ.എസ്.എസ് പ്രവർത്തകന്റെ കുടുംബത്തിന് ലക്ഷങ്ങൾ സഹായം നൽകി സർക്കാർ റിയാസ് മൗലവിയുടെയും കൊടിഞ്ഞി ഫൈസലിന്റെയും കുടുംബത്തോട് വിവേചനം കാട്ടിയതായി സി.കെ.സുബൈർ കുറ്റപ്പെടുത്തി. വിവിധ സെഷനുകൾ മുസ്ലിംയൂത്ത്ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ടുമാരായ ഇസ്മായിൽ പി.വയനാട്, പി.കെ.സുബൈർ, മലപ്പുറം ജില്ലാ മുൻ ജനറൽ സെക്രട്ടറി ഉസ്മാൻ താമരത്ത്, ജെ.സി.ഐ ട്രെയിനർ കെ.ജയപാലൻ, പി.സി.നസീർ നയിച്ചു. മുനിസിപ്പൽ യൂത്ത്ലീഗ് പ്രസിഡണ്ട് എൻ.യു.ഷഫീഖ് അധ്യക്ഷത വഹിച്ചു. മണ്ഡലം സെക്രട്ടറിയായി നിയമിതനായ ഓലിയൻ ജാഫർ, സർസയ്യിദ് കോളേജ് വിദ്യാർത്ഥി യൂണിയൻ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട കെ.മുഹമ്മദ് നൗഫൽ എന്നിവർക്ക് യൂത്ത്ലീഗ് ജില്ലാ പ്രസിഡണ്ട് പി.വി.ഇബ്രാഹിം ഉപഹാരം നൽകി. ഷെയ്ഡ് പദ്ധതി കിറ്റ് വിതരണം സമീർ പറമ്പത്ത് നിർവഹിച്ചു. പി.മുഹമ്മദ് ഇഖ്ബാൽ, കൊടിയിൽ സലിം, പി.പി.മുഹമ്മദ് നിസാർ, കെ.മുസ്തഫ ഹാജി, അലി മംഗര, ഉസ്മാൻ കൊമ്മച്ചി, അഷ്റഫ് ബപ്പു, സി,അബ്ദുൾമുനീർ, കെ.പി. നൗഷാദ്, റഷീദ് പുളിമ്പറമ്പ്, മുസ്തഫ കുറ്റിക്കോൽ സംസാരിച്ചു.

ഹരിത ചാരിറ്റബിൾ സൊസൈറ്റിയുടെ വിശപ്പില്ലാത്ത കരുവഞ്ചാൽ പദ്ധതി തളിപ്പറമ്പ് നഗരസഭാ ചെയർമാൻ മഹമ്മൂദ് അള്ളാംകുളം ഉദ്ഘാടനം ചെയ്യുന്നു.

നിർധനർക്ക് താങ്ങായി വിശപ്പില്ലാത്ത കരുവഞ്ചാൽ പദ്ധതി ഉദ്ഘാടനം ചെയ്തു

കരുവഞ്ചാൽ: കരുവഞ്ചാൽ ടൗണിലെത്തുന്ന പാവപ്പെട്ടവർക്ക് 24 മണിക്കൂറും ഭക്ഷണം ലഭ്യമാക്കുന്നതിനായി കരുവഞ്ചാൽ ഹരിത ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിശപ്പില്ലാത്ത കരുവഞ്ചാൽ പദ്ധതി തളിപ്പറമ്പ നഗരസഭാ ചെയർമാൻ മഹമ്മൂദ് അള്ളാംകുളം ഉദ്ഘാടനം ചെയ്തു. ടൗണിൽ സ്ഥാപിച്ച ഫുഡ്കെയ്സ് തുറന്ന് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്താണ് ഉദ്ഘാടനം നിർവഹിച്ചത്. പദ്ധതിയുടെ ഭാഗമായുള്ള ഡ്രസ് ബാങ്ക് ഉദ്ഘാടനം ഫാ. മാത്യു പാലമറ്റവും, റൈസ് ബാങ്ക് ഉദ്ഘാടനം കെ.എം. ഷാജഹാൻ മൗലവി മൂവാറ്റുപുഴയും നിർവഹിച്ചു. എൻ.യു. അബ്ദുള്ള അധ്യക്ഷത വഹിച്ചു. ജോയി കൊന്നയ്ക്കൽ, ടി.ഡി. ബാബു, എം.എം. ഷനീഷ്, ദേവസ്യ പാലപ്പുറം, സജി കുറ്റിയാനിമറ്റം, എം.എ. ഖലീൽ റഹ്മാൻ, ജയിസ് പുത്തൻപുര, അഡ്വ. ബിനോയി തോമസ്, സിജു ജോസഫ്, സി. ഹംസ, കെ.എം. തോമസ്, സാബു ചാണാക്കാട്ടിൽ, സജയ് ഇടമറ്റം, ജോൺ ചെരിയൻകാലായിൽ, സി.കെ. അബ്ദു, കെ.പി. ജാഫർ, അനീഷ് കണിവേലിൽ, രവീന്ദ്രൻ പട്ടേരി, കെ.പി. നൗഷാദ്, എൻ.ജി. ഗിരീഷ്, വി.എൻ. വിശ്വനാഥൻ, ടി. അശോകൻ, റോബി തോമസ്, രത്നാകരൻ മാസ്റ്റർ, ബി. മുഹമ്മദ്, എൻ.ജി. ഗിരീഷ്, ബീരാൻകുട്ടി, സയ്യിദ് മുഹമ്മദ് തുടങ്ങിയവർ പ്രസംഗിച്ചു. കെ.എം. അനസ് സ്വാഗതവും സി. റാഫി നന്ദിയും പറഞ്ഞു.

ജില്ലാതല ഫോട്ടോ-വീഡിയോഗ്രാഫി മത്സരം

കണ്ണൂർ: ആൾ കേരള ഫോട്ടോഗ്രാഫേർസ് അസോസിയേഷൻ ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് ജില്ലാതല ഫോട്ടോ/വീഡിയോഗ്രാഫി മത്സരം നടത്തുന്നു. കേരളത്തിലെ പാരമ്പര്യ കലകൾ എന്ന വിഷയത്തിൽ എ.കെ.പി.എ അംഗങ്ങൾക്ക് എൻട്രികൾ അയക്കാം. കൃത്രിമത്വം ഇല്ലാത്ത മൗലികമായി ചിത്രീകരിച്ചവയായിരിക്കണം എൻട്രികൾ. ഫോട്ടോ/വീഡിയോകളിൽ ഫോട്ടോ/വീഡിയോഗ്രാഫർമാരെ തിരിച്ചറിയുന്ന അടയാളങ്ങൾ പാടില്ല. മുമ്പേ സമ്മാനർഹമായ എൻട്രികൾ സ്വീകാര്യമല്ല. എൻട്രികൾ പോസ്റ്റലായോ, കൊറിയറായോ അയക്കാം.

ഡോക്യുമെന്ററി സമ്മാനർഹർക്ക് മെമെന്റോ, സർട്ടിഫിക്കറ്റ് എന്നിവ നൽകും. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി നവംബർ അഞ്ച്. എൻട്രികൾ ലഭിക്കേണ്ടുന്ന വിലാസം ഗോപാലൻ അപ്സര, കൺവീനർ, ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി മത്സരം, അപ്സര സ്റ്റുഡിയോ, മെയിൻ റോഡ്, തളിപ്പറമ്പ. ഫോൺ: 9744385960, 04602202218